# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 893 — 09/8/2017 -ലെ മറുപടി

## മഴവെള്ളം സംഭരിക്കുന്നതിനും ജലദുരുപയോഗം തടയുന്നതിനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി. യു.പ്രതിഭാ ഹരി<br>ശ്രീ. എം.സ്വരാജ്<br>ശ്രീ. എൻ.വിജയൻ പിള്ള | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് മഴ കുറഞ്ഞതിനെ തുടർന്ന് രൂക്ഷമായ ജലദൗർലഭ്യം നേരിട്ട സാഹചര്യത്തിൽ ലഭ്യമായ മഴവെള്ളം ശരിയായ രീതിയിൽ സംഭരിക്കുന്നതിനും ജലത്തിന്റെ ദുരുപയോഗം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായ മഴകേന്ദ്രം 'മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പദ്ധതി'-യിലൂടെ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ബജറ്റിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ ഫെറോസിമന്റ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നിർമ്മിച്ച് നല്കുന്നു. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിലെ കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം സബ്സിഡിയോടെ നല്കി വരുന്നു.<br><br>മഴവെള്ളം ശാസ്ത്രീയമായി സംഭരിച്ച് വേനൽ മാസങ്ങളിൽ ഉപയോഗ യോഗ്യമാക്കുവാൻ കുടുംബങ്ങൾക്ക് സാധിക്കുന്നു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ വിദ്യാലയങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിച്ച് നല്കിവരുന്നു. വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യം, ആവശ്യകത |

മനസ്സിലാക്കികൊടുക്കുവാൻ സാധിക്കുന്നു. വിദ്യാർത്ഥികളിലൂടെ മഴവെള്ള സംഭരണത്തിന്റെ സന്ദേശം അവരുടെ വീടുകളിലേയ്ക്കും ജനസമൂഹത്തിലേയ്ക്കും എത്തിയ്ക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. വിവിധ സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച 22.02 കോടി തുക ഉപയോഗിച്ച് വ്യക്തിഗത വീടുകൾക്കും സർക്കാർ വിദ്യാലയങ്ങൾക്കുമായി 4840 മഴവെള്ള സംഭരണികൾ നിർമ്മിച്ചു നല്കി. 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക ഉപയോഗിച്ച് കൂടുതൽ വീടുകൾക്കും, വിദ്യാലയങ്ങൾക്കും. ഗ്രാമ പഞ്ചായത്തുകൾക്കും, മഴവെള്ള സംഭരണി നിർമ്മിച്ചു നല്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കിണർ റീചാർജ്ജ് പദ്ധതിയും നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

മഴവെള്ള സംഭരണത്തിലൂടെ സമീപ പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്തുകയും വേനൽക്കാലത്തും കുളത്തിലെ ജലലഭ്യത ഉറപ്പുവരുത്തുകയുമാണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്. ഇതുകൂടാതെ ജല അതോറിറ്റിയുടെ കേന്ദ്രകാര്യാലയത്തിനടുത്തായി മഴവെള്ളസംഭരണത്തിനായി ഒരു കുളത്തിന്റെ നിർമ്മാണം നടന്നു വരുന്നു.
പമ്പ് ഹൗസുകളുടെ ജലസ്രോതസ്സിനു സമീപത്തായി മഴക്കുഴികൾ നിർമ്മിച്ച് മഴവെള്ളം സംഭരിച്ചുവരുന്നു. ജലദുർവിനിയോഗം തടയുന്നതിനും ജലത്തിന്റെ ഉപഭോഗം പരിമിതപ്പെടുത്തുന്നതിനും പത്രമാധ്യമങ്ങളിലൂടെ നിരന്തരമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തുവരുന്നു. സ്രോതസ്സുകൾക്ക് സമീപം നദികളിൽ സ്ഥിരം/താൽക്കാലിക തടയണകൾ സ്ഥാപിച്ച് സ്രോതസ്സിലെ ജലലഭ്യത ഉറപ്പു വരുത്തുന്നു.

(ബി) മഴവെള്ള സംഭരണം സംബന്ധിച്ചും ജലത്തിന്റെ മിതമായ ഉപയോഗം സംബന്ധിച്ചും ജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്; ഇതിനായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചരണം നടത്തിയിട്ടുണ്ടോ;

(ബി) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ പരിപൂർണ്ണമായും ജനങ്ങളിൽ മഴവെള്ള സംഭരണവും, അനുബന്ധ പ്രവർത്തനങ്ങളുമായുള്ള അറിവും സന്ദേശവും എത്തിക്കുന്നതായിരുന്നു. ആയതിനുവേണ്ടി മാറ്റ്വ കായൂണിറ്റുകൾ, കൈപ്പുസ്തകങ്ങൾ, ലഘുലേഖകൾ, പരസ്യങ്ങൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ തയ്യാറാക്കി പ്രചരിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തിരുന്നു.

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണവും, മഴവെള്ളസംരക്ഷണ പരിപാടികളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ തരത്തിലുള്ള കൈപ്പുസ്തകങ്ങളും, ലഘുലേഖകളും തയ്യാറാക്കി വിതരണം തുടർന്നും ചെയ്തു വരുന്നു. I & PR വകുപ്പുമായി സഹകരിച്ച് മഴവെള്ള സംഭരണം, കിണർ റീചാർജ് പദ്ധതികളെ സംബന്ധിച്ച് അവബോധം നല്കുന്നതിന് ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്തിരുന്നു. FM Radio മുഖാന്തിരം മഴവെള്ള സംഭരണത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയുണ്ടായി. എക്സിബിഷൻ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി മഴവെള്ള സംഭരണത്തിന്റെയും കിണർ റീചാർജ് തുടങ്ങിയ പരിപാടികളുടെ മാതൃകകൾ പൊതുജനങ്ങൾക്ക് അറിവ് പകരുന്നവിധത്തിൽ പ്രദർശിപ്പിക്കുന്നു.

(സി) ഭൂഗർഭ ജലത്തിന്റെ അമിതമായ ചൂഷണം തടയുന്നതിനായി എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) വരൾച്ചാബാധിതമായി സംസ്ഥാനത്തെ എല്ലാ ജില്ലകളെയും പ്രഖ്യാപിച്ചതിനെ തുടർന്ന് കുഴൽ കിണർ കുഴിക്കുന്ന സംഗതിയിലും കുഴൽ കിണറുകളിൽ നിന്ന് എടുക്കുന്ന ജലം നിയന്ത്രിക്കുന്ന കാര്യത്തിലും ദുരന്ത നിവാരണ അതോറിറ്റി വ്യവസ്ഥകൾ നിഷ്കർഷിച്ചിരുന്നു.

സെക്ഷൻ ഓഫീസർ

JSK/